ഈ കാലതാമസം ഒഴിവാക്കാൻ പ്രസ്തുത ഏജൻസികൾ കൈക്കൊണ്ടിട്ടുള്ള മാർഗ്ഗങ്ങൾ മാതൃകയായി സ്വീകരിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ കോർപ്പറേഷനുകളിലെ സമാന തസ്തികകൾക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകൾ നിലവിലുള്ളതിനാൽ ഈ ശമ്പളസ്കെയിലുകൾ ഏകീകരിച്ചതിനുശേഷം മാത്രമേ സമാന തസ്തികകൾക്ക് പൊതുവായ പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ സാധിക്കൂ. ശമ്പളസ്കെയിലുകൾ ഏകീകരിക്കുന്ന കാര്യം പ്ലാനിംഗ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി)&(സി) കേരളാ പി.എസ്.സി. വഴി തെരഞ്ഞെടുപ്പു നടത്തുന്ന തസ്തികകളുടെ എണ്ണം യു.പി.എസ്.സി.യെ അപേക്ഷിച്ച് വളരെ കൂടുതലാണ്. കെ.പി.എസ്.സി. ഒരു വർഷം 400 ഓളം പരീക്ഷകൾ നടത്തുമ്പോൾ യു.പി. എസ്.സി. 20-ൽ താഴെ പരീക്ഷകൾ മാത്രമാണ് നടത്തുന്നത്. പി.എസ്.സി. പരീക്ഷകളിലെ കാലതാമസം ഒഴിവാക്കാനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. അധിക സ്റ്റാഫിനെ അനുവദിച്ചു.
2. ഭാഗിക കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി.
3. മൂന്നു മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ച് ജോലി പുനർവിന്യസിച്ചു.

45 (45) സഹകരണ മേഖലയിലെ നിയമനങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലാ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 15 അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെയും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നിയമനങ്ങൾ മാത്രം പി. എസ്.സി. വഴി നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ടി നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത് 25.4.1995 മുതലാണ്. പി.എസ്.സി. വഴിയുള്ള നിയമനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

46 (46) ബി.ഡി.ഒ. പരീക്ഷാഫലം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ബി.ഡി.ഒ. തസ്തികയിലേയ്ക്ക് പ്രാഥമിക എഴുത്തുപരീക്ഷ നടന്നിട്ട് 4 വർഷമായിട്ടും പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക എഴുത്തുപരീക്ഷയുടെ ഫലം 31.3.1999-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നേരിട്ടുള്ള നിയമനത്തിന് 30 ഒഴിവുകളും ട്രാൻസ്ഫർ നിയമനത്തിന് 22 ഒഴിവുകളുമുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

47 (47) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തികകൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിലുള്ളവർക്ക് 1:1:1:1 എന്ന റേഷ്യോ അനുവദിച്ചത് എന്നു മുതലാണ്;

(ബി) ഈ റേഷ്യോ റീ ഫിക്സേഷൻമൂലം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ബന്ധപ്പെട്ട വകുപ്പനുസരിച്ച് തസ്തിക മാറ്റം ലഭിക്കാൻ തടസമുള്ളതായി കാണിച്ച് ആരെങ്കിലും നിവേദനം നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(സി) റേഷ്യോ റീ ഫിക്സേഷനുശേഷം 10 വർഷം സർവ്വീസ് പൂർത്തിയാക്കിയ ടൈപ്പിസ്റ്റ് തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് ഗ്രേഡ് 1 ആയി തസ്തിക മാറ്റം ലഭിക്കാൻ സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 1:1:1:1 എന്ന റേഷ്യോ നിലവിൽ വന്നശേഷം 10 വർഷം സർവ്വീസ് പൂർത്തിയാക്കിയതും സീനിയർ ഗ്രേഡ് സെലക്ഷൻ ഗ്രേഡ് എന്നീ ടൈപ്പിസ്റ്റ് തസ്തികയിലുള്ളവരുമായ അസിസ്റ്റന്റ് ഗ്രേഡ് 1 ആയി തസ്തിക മാറ്റം ആഗ്രഹിക്കുന്നവരുടെ താല്പര്യം സംരക്ഷിക്കാൻ സർക്കാർ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1.3.1992 മുതൽ

(ബി) ഉണ്ട്. നിവേദനത്തിന് മറുപടി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly